# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2973

07.02.2018-ൽ
മറുപടിയ്ക്ക്

### കുറിച്ചി ഗവ.ടെക്നിക്കൽ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകന്റെ നിയമനം

*ചോദ്യം*
ശ്രീ.സി.എഫ്.തോമസ്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി ഗവ.ടെക്നിക്കൽ ഹൈസ്കൂളിലെ പ്രധാന അദ്ധ്യാപകന്റെ നിയമനം ഒരു വർഷമായി മുടങ്ങിക്കിടക്കുന്നതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത തസ്തിക ഉൾപ്പെടെയുള്ള ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടെ ഒഴിവുകൾ നികത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളിന് സ്വന്തമായി സ്ഥലംവാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളിനായി രണ്ടര ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഫണ്ടിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

Saleek

സെക്ഷൻ ഓഫീസർ